**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4858 18.12.2014 ലെ മറുപടിയ്ക്ക്**

# താനൂർ മിനി സിവിൽസ്റ്റേഷൻ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) താനൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(ബി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാനാകുമെന്നും, പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ? | (എ) & (ബി) നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 05.09.2013 ലെ സ.ഉ.(സാധാ) നം.1185/2013/പൊ.മ.വ. ഉത്തരവ് പ്രകാരം, താനൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 343.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 02.12.2013 ൽ പ്രസ്തുത പ്രവൃത്തിക്ക് 343.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും, 11.03.2014 ൽ ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 25.09.2014 ലെ സ.ഉ.(സാധാ) നം.1344/2014/പൊ.മ.വ. ഉത്തരവ് പ്രകാരം, പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് മൃഗാശുപത്രി കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ ഈ കെട്ടിടം പൊളിച്ചു മാറ്റാൻ ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൃഗാശുപത്രി കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് പൊളിച്ചുനീക്കുന്ന മുറയ്ക്ക്, കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി, കരാർ വച്ച ശേഷം 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**